സ്റ്റേജസിലാണ് കുടിശ്ശിക കളക്ഷനുള്ളത്. എല്ലാ ഏരിയായിലും നടപടി ശക്തമാക്കുവാനുള്ള സംവിധാനം ഗവണ്മെന്റ് ഏർപ്പെടുത്തിയിട്ടുണ്ട്.

4 (*338) ഔഷധസസ്യങ്ങളുടെ സാമ്പിൾ ശേഖരിക്കുന്നതിന് അനുമതി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിൽനിന്നും അപൂർവ ഔഷധ സസ്യങ്ങളുടെയും സൂക്ഷ്മ സസ്യങ്ങളുടെയും സാമ്പിളുകൾ ശേഖരിക്കുന്നതിന് വനം വകുപ്പ് വിദേശ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികൾക്ക് എന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം വനമേഖലകളിൽനിന്ന് സാമ്പിളുകൾ ശേഖരിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം ഔഷധ സസ്യങ്ങളും അപൂർവ്വ സസ്യങ്ങളുമാണ് ഇപ്രകാരം ശേഖരിക്കപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ശേഖരിക്കപ്പെടുന്ന ഔഷധ സസ്യങ്ങളും അപൂർവ്വ സസ്യങ്ങളും വിദേശത്തേക്ക് കൊണ്ടുപോകുന്നതിന് അനുമതി നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് അനധികൃതമായി വനപ്രദേശങ്ങളിൽനിന്നും ജൈവസമ്പത്ത് ശേഖരിച്ചതിന് വനം വകുപ്പ് ഏതെങ്കിലും വിദേശ കമ്പനിക്കെതിരായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) അനുമതി നൽകിയിട്ടില്ല.

(ബി)-(ഡി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തമല്ല.

(ഇ) ഇല്ല. ജൈവസമ്പത്ത് വിദേശ കമ്പനികൾ ശേഖരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. സി.പി. ബാലൻ വൈദ്യർ : വിദേശ കമ്പനികൾക്ക് അനുമതി കൊടുത്തിട്ടില്ല എന്ന് അങ്ങയുടെ മറുപടിയിൽ പറഞ്ഞു. അതു സ്വാഗതാർഹമായ സമീപനമാണ്. നമ്മുടെ വനങ്ങളിൽ വിശേഷപ്പെട്ട ഔഷധ സസ്യങ്ങൾ മുൻകാലങ്ങളെപ്പോലെ ഇപ്പോഴില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വനങ്ങളിൽ ഔഷധ സസ്യങ്ങൾ വ്യാപകമായി വച്ചുപിടിപ്പിക്കത്തക്ക വിധത്തിലുള്ള നടപടി കൂടി ഗവണ്മെന്റ് സ്വീകരിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഔഷധ സസ്യങ്ങൾ വളരെ വ്യാപകമായി ഇല്ലെങ്കിൽപ്പോലും കുറച്ചൊക്കെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഔഷധ സസ്യങ്ങൾ പരമാവധി നില നിർത്തുന്നതിനും സംരക്ഷിക്കുന്നതിനും അതു കൂടുതൽ വ്യാപകമാക്കുന്ന തിനും വിവിധ പദ്ധതികളിലൂടെ ശ്രമിച്ചുവരുകയാണ്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : ഔഷധ സസ്യങ്ങൾ വനങ്ങളിൽ നിന്ന് വനംവകുപ്പുതന്നെ ശേഖരിക്കാനും, നമുക്ക് ആവശ്യത്തിൽ കൂടുതലു ണ്ടെങ്കിൽ അന്യസംസ്ഥാനത്ത് ആവശ്യമുള്ളവർക്ക് വനം വകുപ്പ് മുഖേന വിത രണം ചെയ്യത്തക്ക വിധത്തിലുള്ള ഒരു നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വർഗ്ഗീസ് വൈദ്യർ : ആര്യവേപ്പടക്കമുള്ള ഔഷധങ്ങൾ വിദേശ കമ്പനികൾ ഇവിടെ നിന്ന് കടത്തിക്കൊണ്ടുപോകുകയും അതിന്റെ പേറ്റന്റ് എടുക്കുകയും ചെയ്യുന്നുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : അതിനെക്കുറിച്ച് എനിക്കറി ഞ്ഞുകൂടാ. വനം നിയമത്തിലെ സെക്ഷൻ 27(2) അനുസരിച്ച് റിസർവ് വനങ്ങ ളിൽനിന്നും അനധികൃതമായി വനവിഭവം ശേഖരിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്താൽ കുറഞ്ഞത് ഒരു വർഷവും പരമാവധി 5 വർഷവും വരെ തടവോ, ഈ പ്രവൃത്തിമൂലം വനത്തിനുണ്ടായ നഷ്ടത്തിന് കുറഞ്ഞത് ആയിരം രൂപയും പരമാവധി 5,000 രൂപയും വരെ പിഴയോ രണ്ടും കൂടിയോ ശിക്ഷ നൽകാവുന്നതാണ്. 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാര മുള്ള കുറ്റകൃത്യങ്ങൾക്ക് മൂന്നു വർഷം വരെ തടവോ 25,000 രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയോ വിധിക്കാവുന്നതാണ്. അങ്ങനെ ഇതിനെ നേരിടാൻ വേണ്ടിയുള്ള നിയമങ്ങൾ ഇപ്പോൾ നിലവിലുണ്ട്.

ശ്രീ. വർഗ്ഗീസ് വൈദ്യർ : ഇവിടെ നിന്ന് ഔഷധങ്ങളുടെ പേറ്റന്റ് കട ത്തിക്കൊണ്ടു പോകുകയാണ്. അതു ദേശീയ പ്രസ്ഥാനത്തിനടക്കം അടിസ്ഥാ നപരമായി ഹാനികരമാണ്. അതു സുപ്രീംകോടതിയിൽ പോയാൽത്തന്നെ രാജ്യദ്രോഹമാണ്. അതിനെപ്പറ്റി ഗവണ്മെന്റിന് എന്തെങ്കിലും ചെയ്യാൻ സാധി ക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : പേറ്റന്റ് നിയമ കരാർ വന്ന തിനെത്തുടർന്ന് ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. അതു സംബന്ധിച്ച് ഗവ ണ്മെന്റ് എന്ത് നിയമനടപടികൾ സ്വീകരിച്ചാലും കേന്ദ്ര ഗവണ്മെന്റ് ആണ് അത് സംരക്ഷിക്കേണ്ടത്. അതു സംബന്ധിച്ചുള്ള ചില നിർദ്ദേശങ്ങൾ പാർല മെന്റിന്റെ മുൻപാകെയുണ്ട്.

ശ്രീ. രാജു എബ്രഹാം : കേരളത്തിൽ നിന്ന് ആരോഗ്യപ്പച്ച കടത്തി ക്കൊണ്ടു പോകുന്നതു സംബന്ധിച്ച് ധാരാളം വിവാദങ്ങൾ നേരത്തെ തന്നെ ഉണ്ടായിരുന്നു. പേറ്റന്റ് ആക്ട് വന്നശേഷം ആരോഗ്യപ്പച്ച, കീഴാർനെല്ലി എന്നി ങ്ങനെയുള്ള നിരവധി ഔഷധങ്ങൾ കടത്തിക്കൊണ്ടുപോകുന്നുണ്ട്. അതിനു വനംവകുപ്പിന്റെ പ്രത്യേക അനുമതി വേണ്ടെന്നാണ് പ്രചരിപ്പിക്കപ്പെടുന്നത്. ഇത് സംബന്ധിച്ചുള്ള യാഥാർത്ഥ്യം വ്യക്തമാക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : വനം വകുപ്പിന്റെ അനുവാദ മില്ലാതെ ആരോഗ്യ പച്ച ഇപ്പോൾ കൊണ്ടുപോകാൻ കഴിയില്ല.

ശ്രീ. രാജു എബ്രഹാം : അഗസ്ത്യവനത്തിലും ശബരിമല പോലുള്ള വനങ്ങളിലും ഔഷധ സസ്യങ്ങൾ വളർത്താനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കുമോ; അങ്ങു തന്ന മറുപടിയിൽ ചില പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നു പറയുകയുണ്ടായി. എന്തെല്ലാം പദ്ധതികളെക്കുറിച്ചാണ് ആലോചിക്കുന്നത്. അതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടം വരെയെത്തി എന്നു വ്യക്തമാക്കാമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ബാംഗ്ളൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫൗണ്ടേഷൻ ഫോർ റി-വൈറ്റലൈസേഷൻ ഓഫ് ലോക്കൽ ഹെൽത്ത് ട്രഡീഷൻസ് എന്ന സംഘടന ഡാനിഷ് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഔഷധസസ്യങ്ങളുടെ സംരക്ഷണത്തിനായി വിവിധ പ്രവർത്തനങ്ങൾ 1993 മുതൽ തെക്കൻ സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചു നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് തെരഞ്ഞെടുത്ത അഗസ്ത്യമല, ത്രിവേണി, ഇരവികുളം, പീച്ചി, ആതിരപ്പള്ളി, സൈലന്റ് വാലി, വയനാട് എന്നീ സ്ഥലങ്ങളിൽ ഓരോ ഔഷധ സസ്യ സംരക്ഷണ ഏരിയ രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആകെ 1305 ഹെക്ടർ സ്ഥലത്തായി മേൽപ്പറഞ്ഞ ഏഴ് ഔഷധ സസ്യ സംരക്ഷണ ഏരിയ വ്യാപിച്ചു കിടക്കുകയാണ്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രി എന്തു തന്നെ പറഞ്ഞാലും ആരോഗ്യപ്പച്ച തുടങ്ങിയ ജൈവ സമ്പത്തുകൾ അന്യരാജ്യങ്ങളിലെ ആളുകൾ ഇവിടെ നിന്നു കടത്തിക്കൊണ്ടുപോയി പരീക്ഷണങ്ങൾ നടത്തി പേറ്റന്റ് നേടാനുള്ള ശക്തമായ പരിശ്രമങ്ങൾ നടന്നുവരികയാണ്. അതിനെക്കുറിച്ച് ധാരാളം റിപ്പോർട്ടുകൾ, ലേഖനങ്ങൾ എന്നിവ വന്നുകഴിഞ്ഞിട്ടുണ്ട്. അതു ശക്തമായി നേരിടുന്നതിനാവശ്യമായ നടപടികൾ വളരെ ശ്രദ്ധയോടുകൂടി കൈക്കൊള്ളണം. അതു വളരെ നിസ്സാരമായി കാണരുത്. വെറും മറുപടിക്കു വേണ്ടിയുള്ള മറുപടിയാകരുത് എന്ന് അപേക്ഷിക്കുകയാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഇത് സംസ്ഥാന ഗവണ്മെന്റ് മാത്രം വിചാരിച്ചാൽ ചെയ്യാൻ കഴിയുന്ന കാര്യമല്ല. ഇക്കാര്യത്തിൽ കേന്ദ്ര ഗവണ്മെന്റിന്റെ നടപടിയും വേണം. നമ്മുടെ എയർപോർട്ടുകൾ, തുറമുഖങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ കടത്തിക്കൊണ്ടു പോകുന്നതിനെ തടയാൻ അവിടെ കസ്റ്റംസുമായി ബന്ധപ്പെട്ട പ്രത്യേക സെൽ രൂപീകരിച്ചുള്ള പ്രവർത്തനങ്ങളൊക്കെ ആവശ്യമാണ്. അതിൽ വിവിധങ്ങളായ പ്രശ്നങ്ങളുണ്ട്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : വനസമ്പത്ത് കടത്തിക്കൊണ്ടുപോകുന്ന കാര്യത്തിൽ ഒത്താശകൾ ചെയ്തു കൊടുക്കുന്ന വനം വകുപ്പ് ഉദ്യോഗസ്ഥൻമാരുണ്ടെന്നുള്ള ആരോപണം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിനെതിരായി എന്തു നടപടിയാണ് സ്വീകരിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഏതെങ്കിലും വനം വകുപ്പു ഉദ്യോഗസ്ഥൻമാർ ഇക്കാര്യത്തിൽ ആർക്കെങ്കിലും കൂട്ടു നിന്നതായി വ്യക്തമായ ആരോപണങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. അങ്ങനെ ഉണ്ടാകുന്നുവെങ്കിൽ അത്തരത്തിലുള്ള ഉദ്യോഗസ്ഥൻമാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : വനം വകുപ്പിൽ സാമൂഹ്യവനവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി കോടിക്കണക്കിന് രൂപയുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. പക്ഷെ അതു പലതും മണ്ണിനെ ദോഷകരമായി ബാധിക്കുന്ന യൂക്കാലിപ്റ്റ്സും അക്കേഷ്യയുമൊക്കെ നടുന്നതിനാണ് ഇപ്പോൾ വിനിയോഗിക്കുന്നത്. ഈ ഫണ്ട് ഔഷധ വനങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുന്ന നിലയിലുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നടപ്പാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധനയ്ക്ക് വിധേയമായി നടപ്പിലാക്കും.

ശ്രീ. കെ.എ. ചന്ദ്രൻ : നമ്മുടെ വനങ്ങളിൽ അപൂർവ്വമായുള്ള ഔഷധ സസ്യങ്ങളും മരങ്ങളും ചെടികളുമൊക്കെയുള്ളതിൽ ചിലതെങ്കിലും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇതു നിലനിർത്താൻ പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡന്റെ മാതൃകയിലോ അല്ലെങ്കിൽ ബൊട്ടാണിക്കൽ ഗാർഡനുമായി യോജിച്ചോ ആവശ്യമായ നടപടികളും പദ്ധതികളും തയ്യാറാക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങൾ ഈ രംഗത്ത് ചില പ്രവർത്തനങ്ങൾ നടത്തിവരുകയാണ്. ഏതാണ്ട് നാലായിരത്തോളം ഔഷധ സസ്യങ്ങൾ നമ്മുടെ പശ്ചിമഘട്ട വനങ്ങളിൽ ഉള്ളതായിട്ടാണ് കണക്കാക്കപ്പെടുന്നത്. അതിൽ ഏതാണ്ട് 1300-ഓളം സസ്യങ്ങൾ ദേശീയ ജാതികളിൽ endemic species-ൽപ്പെട്ടവയാണ്. ഇവയുടെ സംരക്ഷണത്തിനുവേണ്ടി മേൽപ്പറഞ്ഞ സ്ഥാപനങ്ങളും വനം വകുപ്പും യോജിച്ച് എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുള്ളത് വിവിധ തലങ്ങളിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം തന്നെ നമ്മുടെ വനം വകുപ്പിന്റെ കീഴിൽ ഒരു ബയോ ഡൈവേഴ്സിറ്റി സെൽ രൂപീകരിച്ചും ചില പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു.

ശ്രീ. ടി. നാണുമാസ്റ്റർ : ഇവിടെ ചോദ്യങ്ങൾ അപ്രധാനമാണെന്നു തോന്നുമെങ്കിലും വളരെ പ്രധാനപ്പെട്ട ചോദ്യങ്ങളാണ് ഇവയെല്ലാം. നമ്മുടെ ഔഷധസസ്യങ്ങൾ വനവുമായി ബന്ധപ്പെട്ട് ധാരാളം ഇനങ്ങളുണ്ട്. അവ ശേഖരിക്കുന്നതിനെന്നുള്ള വ്യാജേന ചിലയാളുകൾ വനത്തിൽ കടന്നു ചില ബുദ്ധിമുട്ടുകളുണ്ടാക്കുന്നുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ഔഷധ സസ്യങ്ങൾ ശേഖരിക്കുന്നതിന് ഒരു പ്രത്യേക സംവിധാനം, ഒരു സൊസൈറ്റിയെ ഏൽപ്പിക്കുന്ന കാര്യം വനം വകുപ്പു പരിഗണിക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : ഔഷധ സസ്യങ്ങൾ ശേഖരിക്കുന്നു എന്ന വ്യാജേന ആർക്കും വനത്തിൽ കടക്കാൻ കഴിയില്ല. അങ്ങനെ എന്തെങ്കിലും ശ്രമമുണ്ടെങ്കിൽ അതിനൊരു ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിന് ശ്രമിക്കുന്നതാണ്.

ശ്രീ. എം. മുരളി : അങ്ങ് വിദേശ കമ്പനികൾക്ക് അനുമതി കൊടുത്തിട്ടില്ലായെന്നു പറഞ്ഞു. ടൂറിസ്റ്റുവിസയിൽ സന്ദർശനം നടത്താൻവേണ്ടിവന്ന ചില ഫോറിനേഴ്സ് വനം വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ ഒത്താശയോടുകൂടി നമ്മുടെ വനങ്ങളിൽ കയറി ചില അപൂർവ്വ ഔഷധസസ്യങ്ങൾ ശേഖരിച്ചുകൊണ്ടുപോയതായി ചില പത്രവാർത്തകൾ വരികയുണ്ടായി. ഇതിന്റെ നിജസ്ഥിതി അങ്ങോ അങ്ങയുടെ മുൻഗാമിയോ പരിശോധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി അത് പരിശോധിക്കുന്നതിന് വകുപ്പ് ഉദ്യോഗസ്ഥൻമാരോട് ആവശ്യപ്പെടുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : മുൻഗാമിയെ സംബന്ധിച്ച് ചില പത്രവാർത്തകളുണ്ടായിരുന്നു എന്നുള്ളത് ശരിയാണ്, അതിപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണത്തിലാണ്. അതുസംബന്ധിച്ച് വ്യക്തമായ വിവരങ്ങളൊന്നും ഇതുവരെ കിട്ടിയിട്ടില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

5 (*339) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സാധാരണ കൃഷിക്കാർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന രീതിയിലുള്ള ലഘുലേഖകൾ അച്ചടിച്ച് കൃഷിഭവനുകൾ വഴി വീടുകളിൽ എത്തിക്കാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കൃഷി ചെയ്യുന്നതിന് കഴിയാവുന്ന രീതിയിൽ ഗ്രാമങ്ങളിൽ ഫിലിം പ്രദർശനം നടത്താൻ തയ്യാറാകുമോ;

(ഇ) എല്ലാ ജില്ലാ ഓഫീസിനോടനുബന്ധിച്ചും ഇൻഫർമേഷൻ കൗണ്ടറുകൾ ആരംഭിയ്ക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ബ്യൂറോയുടെ മൂന്നു യൂണിറ്റുകൾ ജില്ലകളിൽ തുടങ്ങുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ഇപ്പോഴുള്ള പ്രവർത്തനങ്ങൾ സാധാരണ കൃഷിക്കാർക്ക് പ്രയോജനപ്പെടത്തക്കവിധം പുനഃസംവിധാനം ചെയ്താണ് നടപ്പിലാക്കി വരുന്നത്. ഇതു കൂടുതൽ മെച്ചപ്പെടുത്തുവാനുള്ള നിരന്തരമായ നടപടികൾ ഉണ്ടാവും.

(സി) ഫാം ഇൻഫർമേഷൻ ബ്യൂറോയിൽനിന്നും കാർഷിക മേഖലയിലെ (കൃഷി/മൃഗസംരക്ഷണം/ക്ഷീര വികസനം) വിവിധ വിഷയത്തെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly